**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 122** **01-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളിൽ നിന്നും ഫയൽ മോഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ഓഫീസുകളിൽ നിന്നും ഫയൽ നഷ്ടപ്പെടുന്നത് / മോഷണം പോകുന്നത് സംബന്ധിച്ച പരാതികളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ടതില്ല എന്ന് ആഭ്യന്തര വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | നിർദ്ദേശം നൽകിയിട്ടില്ല. ആര്യോഗ്യ വകുപ്പ് ആസ്ഥാനത്തെ സുപ്രധാന ഫയലുകൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ഡോ.വി.ആർ.രാജു, മുൻ ആരോഗ്യ വകുപ്പ് ഡയറക്ടർ സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി നൽകിയിരുന്നു. ഫയലുകൾ നഷ്ടപെട്ടതായി പരാതിയിൽ പറയുന്നുണ്ടെങ്കിലും മോഷണം നടന്നതായി പരാമർശിച്ചിട്ടില്ല. പരാതിയിന്മേൽ തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. മുഖാന്തിരം പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്. ഫയലുകൾ മോഷണം പോയതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. അതിനാൽ FIR രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും 2021 നവംബർ മാസം ഫയലുകൾ മോഷണം പോയത് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ നൽകിയ പരാതിയിന്മേൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യേണ്ടതില്ല എന്ന് അന്വേഷണ ഉദ്യോഗസ്ഥനായ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. തീരുമാനമെടുത്തത് ഏത് നിയമ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ഓഫീസിനുള്ളിൽ ഫയൽ മോഷണം നടത്തിയത് ഉദ്യോഗസ്ഥർ തന്നെയാണ് എന്ന് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നോയെന്നും ഇപ്രകാരം കണ്ടെത്തിയാൽ വകുപ്പുതല നടപടികൾ മാത്രം മതിയെന്ന് അന്വേഷണ ഉദ്യോഗസ്ഥന് തീരുമാനിക്കാൻ സാധിക്കുമോയെന്നും എങ്കിൽ ഏത് ചട്ട പ്രകാരമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (സി) | അപ്രകാരം കണ്ടെത്തിയിട്ടില്ല. മോഷണം പോലൊരു Cognizable Offence നടന്നതായി പരാതി ലഭിക്കുകയാണെങ്കിൽ നിയമാനുസരണം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | സുപ്രധാനമായ ഫയലുകൾ നഷ്ടമായത് സംബന്ധിച്ച് രേഖാമൂലം പരാതി ലഭിച്ചിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു അന്വേഷണം | (ഡി) | പ്രാഥമിക അന്വേഷണത്തിൽ ഫയലുകൾ മോഷണം പോയതായി കണ്ടെത്തിയിട്ടില്ല. അതിനാൽ FIR രജിസ്റ്റർ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| | നടത്താതിരുന്ന ഉദ്യോഗസ്ഥനെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ